**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4389** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾ യഥാസമയം തിരികെ നൽകാൻ വ്യവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലേയും സഹകരണ സംഘങ്ങളിലേയും നിക്ഷേപങ്ങൾക്ക് മതിയായ സുരക്ഷ നൽകുന്നതിനും നിക്ഷേപിച്ച തുകയും പലിശയും യഥാസമയം തിരികെ നൽകുന്നതിനും ആവശ്യമായ വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ നിക്ഷേപത്തിന് ഗ്യാരന്റി നൽകി സംഘങ്ങളിലുള്ള നിക്ഷേപകരുടെ വിശ്വാസം ആർജ്ജിച്ച്, കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ഉദ്ദേശത്തോടെ കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലെ വ്യവസ്ഥ പ്രകാരം സമാപ്തീകരണ വേളയിൽ 2 ലക്ഷം രൂപവരെയുള്ള നിക്ഷേപങ്ങൾക്ക് പരിരക്ഷ ലഭിക്കും. |
| (ബി) | സാമ്പത്തിക തിരിമറിയുടെ ഭാഗമായി നടക്കുന്ന അന്വേഷണങ്ങളുടെ പേരിൽ നിക്ഷേപ തുകയും പലിശയും നിക്ഷേപകർക്ക് മടക്കി നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | അന്വേഷണങ്ങൾ കാരണം കാലതാമസം നേരിടുന്നില്ല. സഹകരണ നിയമ പ്രകാരമുള്ള അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന ക്രമക്കേടുകളിൽ ഉത്തരവാദികളിൽ നിന്നും സഹകരണ നിയമം 68 പ്രകാരം നടപടികൾ സ്വീകരിച്ച് തുക ഈടാക്കി നൽകുന്നതിൽ സ്വാഭാവികമായ കാലതാമസം നേരിടുന്നുണ്ട്. സഹകരണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ഇത്തരം നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ